# ഫർദുകളും സുന്നത്തുകളും

നമസ്കരിക്കാനുദ്ദേശിച്ചാൽ മുഖവും മുട്ടുകൾ ഉൾപ്പെടെ രണ്ടു കൈകളും കഴുകുവാനും തല തടവാനും നെരിയാണികൾ ഉൾപ്പെടെ കാൽ രണ്ടും കഴുകാനും അല്ലാഹു വിശുദ്ധ ഖുർആനിൽ കല്പിച്ചിട്ടുണ്ട്. ആ കല്പനയനുസരിച്ച് ഏറ്റവും പൂർണമായ വിധത്തിൽ വുദൂഅ് ഉണ്ടാക്കുന്ന ക്രമം നബി(സ) ചെയ്തുകാണിച്ചിട്ടുമുണ്ട്. അതേ ക്രമത്തിലാണ് നാം 'വുദൂഅ്' ഉണ്ടാക്കേണ്ടത്. വുദൂഇന്റെ രീതി മൊത്തത്തിൽ നിങ്ങൾ മുമ്പ് ഗ്രഹിച്ചിട്ടുണ്ടായിരിക്കും. എന്നാൽ വുദൂഅ് ഉണ്ടാക്കുമ്പോൾ നാം ചെയ്യുന്ന ചില കാര്യങ്ങൾ ഫർദു (فَرْض) കളും ചിലത് സുന്നത്ത്(سُنَّة)കളുമാകുന്നു. അത് നാം വേർതിരിച്ചു മനസ്സിലാക്കേണ്ടതുണ്ട്.

ഒരു കാര്യം ഉണ്ടാവാൻ ഒഴിച്ചുകൂടാത്ത കാര്യങ്ങൾക്ക് ആ കർമത്തിന്റെ فَرْض കൾ എന്നു പറയുന്നു. فَرْضകൾ ഇല്ലെങ്കിൽ ആ കർമം തന്നെ ഉണ്ടാവുകയില്ല. അത്രയ്ക്ക് നിർബന്ധമായ ഘടകമാണതെന്നർഥം. സുന്നത്ത് അങ്ങനെയുള്ളതല്ല. അത് ഇല്ലെങ്കിലും ആ കർമം ഉണ്ടാകും. പക്ഷേ, സുന്നത്തുകളും കൂടി ചേർന്നാൽ ആ കർമം വളരെ ഉത്തമമായ നിലയിലായിത്തീരുന്നതാണ്.

ഇബാദത്തുകളിൽതന്നെ ഫർദ് ആയ ഇബാദത്തും സുന്നത്തായ ഇബാദത്തുമുണ്ട്.

فَرْض അനുഷ്ഠിക്കൽ നിർബന്ധവും ഉപേക്ഷിക്കൽ കുറ്റവുമാകുന്നു.

سُنَّة അനുഷ്ഠിക്കൽ വളരെ പുണ്യമാണെങ്കിലും നിർബന്ധമില്ല. അതുകൊണ്ട് അത് ഉപേക്ഷിക്കുന്നത് കുറ്റമല്ല.

സുന്നത്തായ ഇബാദത്തുകൾ അധികരിപ്പിക്കുന്നവർ അല്ലാഹുവുമായി കൂടുതൽ അടുപ്പമുള്ളവരായിത്തീരുന്നു. അവരെ അല്ലാഹു വളരെ ഇഷ്ടപ്പെടുന്നു. അവൻ അവർക്ക് മഹത്തായ പ്രതിഫലങ്ങൾ നല്കുകയും ചെയ്യുന്നു.